# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1023** 06.06.2018 -ലെ മറുപടി

## പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്; അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്താനുള്ള കനാലുകളുടെ പ്രവൃത്തികൾ 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തികൾ നടത്തി കനാലുകൾ സംരക്ഷിക്കുന്നതാണ്. ടി ആക്ഷൻ പ്ലാനിൽ 53 വാർഷിക ശുചീകരണ പ്രവൃത്തികൾക്കായി 105.72 ലക്ഷം രൂപയുടെ പ്രവർത്തികളും 31 അറ്റകുറ്റപ്പണികൾക്കായി 251.28 ലക്ഷം രൂപയുടെ പ്രവർത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാൽ കനാലിന്റെ വശങ്ങൾ തകർന്ന് വെള്ളം പുറത്തേക്ക് ഒഴുകുന്നത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) അടിയന്തര നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്. തകർന്ന കനാലിന്റെ ചെ.6100 മീ. മുതൽ 6200 മീ. വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് 25 ലക്ഷം രൂപയുടെ പ്രവൃത്തി 2018-19 ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ